ഓൾഡ് ഏജ് ഹോമുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി

39 (3120) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൾഡ് ഏജ് ഹോമുകളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുണ്ടോ;

(ബി) ഒന്നിടവിട്ട ദിവസങ്ങളിൽ ഡോക്ടർമാർ ഇവിടെ സന്ദർശിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ ഉടമസ്ഥതയിലും സഹകാര്യ ഉടമസ്ഥതയിലും ഉള്ള വൃദ്ധ സദനങ്ങൾക്ക് നടപ്പു സാമ്പത്തികവർഷത്തിൽ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള സംഭാവന എത്രയെന്നും ഇവയുടെ നടത്തിപ്പിലെ എസ്റ്റാബ്ലിഷ്മെന്റ് ടെലഫോൺ മുതലായ ഇനങ്ങളിൽ ഉണ്ടായിട്ടുള്ള ചെലവെത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സമീപത്തെ/പ്രൈമറി ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി വൈദ്യ ശുശ്രൂഷ നൽകുന്നുണ്ട്.

(ബി) ഇത്തരം നിർദ്ദേശമൊന്നും തൽക്കാലം പരിഗണനയിലില്ല.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സംയോജിത ശിശുവികസന സൂപ്പർവൈസർമാർക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം ആനുകൂല്യം

40 (3121) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ സംയോജിത ശിശുവികസന സൂപ്പർവൈസർമാർക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതയും നിയമനരീതിയും എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് ഏതെല്ലാം വിഭാഗത്തിലുള്ള ജീവനക്കാർക്കാണ് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് വ്യവസ്ഥ ഉള്ളത്;

(സി) സർക്കാർ ഓഫീസുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ശിശു വികസന സൂപ്പർവൈസർമാർക്കും സ്പെഷ്യൽ റൂൾസ് പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമൂഹ്യക്ഷേമവകുപ്പിൽ നിലവിലുള്ള പ്രത്യേക ചട്ടങ്ങൾ പ്രകാരം സൂപ്പർവൈസർ തസ്തികയിലേക്ക് രണ്ട് നിയമന രീതികളാണ് നിശ്ചയിച്ചിട്ടുള്ളത്.

1. നേരിട്ടുള്ള നിയമനവും (2) സാമൂഹ്യക്ഷേമ സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട താഴെപ്പറയുന്ന തസ്തികകളിൽ നിന്നുള്ള പ്രമോഷനുകളും.

1. വാർഡൻ (ഹോസ്റ്റൽ, വർക്കിംഗ് വിമൻ)

2. കെയർമദർ (ഡേകെയർ സെന്ററുകൾ)

3. ലിറ്ററസി ടീച്ചർ

4. നഴ്സറി ടീച്ചർ

5. മേട്രൻ/ മേട്രൻ കം ഇൻസ്ട്രക്ടർ

മേട്രൻ ഗ്രേഡ് - 1

പി.എസ്.സി. വഴി നേരിട്ടുള്ള നിയനത്തിനുവേണ്ട യോഗ്യതകൾ

1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്ന് സോഷ്യോളജി/ സോഷ്യൽ വർക്ക്/ഹോം സയൻസ്/സൈക്കോളജി എന്നീ ഐച്ഛിക വിഷയങ്ങളിലുള്ള ബിരുദം അല്ലെങ്കിൽ ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ നേടിയിട്ടുള്ള ബിരുദം. കൂടാതെ കേന്ദ്ര/സംസ്ഥാന ചൈൽഡ് വെൽഫെയർ കൗൺസിലോ മറ്റംഗീകൃത സംഘടനയോ നൽകുന്ന ഒരു വർഷത്തെ ബാല സേവികാ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അംഗൻവാടി സൂപ്പർവൈസർ/അംഗൻവാടി വർക്കർ/ ബാലസേവികാ കെയർ മദർ/ നഴ്സറി ടീച്ചർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ തസ്തികയിലേതെങ്കിലും ഒരു വർഷത്തിൽ കുറയാതുള്ള പരിചയം.

അല്ലെങ്കിൽ

എസ്.എസ്.എൽ.സിയും പത്തുവർഷത്തെ അംഗൻവാടി വർക്കർ തസ്തികയിലുള്ള സേവന പരിചയവും.

ഈ തസ്തികയിലെ ഒഴിവുകൾ 50% നേരിട്ടുള്ള നിയമനം വഴിയും 25% അംഗൻവാടി വർക്കർമാരിൽനിന്നും നേരിട്ടുള്ള നിയമനം വഴിയും 25% മേൽ സൂചിപ്പിച്ച തസ്തികകളിൽനിന്നും പ്രമോഷൻ വഴിയും നികത്തുന്നു.

(ബി) സൂപ്പർവൈസർ തസ്തികയിലേക്കു തസ്തിക മാറ്റം വഴി നിയമനം അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ല.

(സി) സർക്കാർ ഓഫീസുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ശിശുവികസന സൂപ്പർവൈസർമാർക്കും സ്പെഷ്യൽ റൂൾസ്പ്രകാരം ആനുകൂല്യം നൽകുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly